പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2156 — 6.2.2019 ൽ മറുപടിയ്ക്ക്

# തെറാപ്പി സെന്ററുകളുടെ നിയന്ത്രണം

ചോദ്യം — മറുപടി

ശ്രീ.മോൻസ് ജോസഫ് — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കേരളത്തിലെ തെറാപ്പി സെന്ററുകൾ റെഗുലേറ്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള കരട് രൂപരേഖ തയ്യാറായിട്ടുണ്ടോ; പ്രൈവറ്റ് മേഖലയിൽ മികച്ച സേവനം നൽകുന്ന ഒട്ടേറെ തെറാപ്പി സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ഈ മേഖലയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ കരട് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ചർച്ചക്ക് വിളിച്ചിട്ടുണ്ടോ; അവരെ കൂടി ചർച്ചയിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നിരിക്കെ, ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ഇതിനായി കരട് രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ചർച്ച നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ വിശദമായ ചർച്ചകളും പരിശോധനകളും നടത്തിയ ശേഷം മാത്രമേ അന്തിമ തീരുമാനം സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |
| (ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും നിലവിലെ സാഹചര്യത്തിൽ സർക്കാർ തലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ; അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും സർക്കാർ തലത്തിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർതലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ ഇപ്പോൾ ലഭ്യമാണ്. നിലവിൽ അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും ഉണ്ട്. |
| (സി) ഒക്കുപേഷണൽ തെറാപ്പിസ്റ്റ് സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനങ്ങൾ ആവശ്യാനുസരണം തെറാപ്പി സെന്ററുകളിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന തെറാപ്പി സെന്ററുകളിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ആവശ്യാനുസരണം ലഭ്യമാണ്. എന്നാൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ ലഭ്യതക്കുറവുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുമായി ചേർന്നു NIPMR-ലും NISH-ലും ഒക്കുപേഷണൽ തെറാപ്പി കോഴ്സ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ |

| | |
|---|---|
| | നടന്നു വരുന്നു. |
| (ഡി) അലൈഡ് ഹെൽത്ത് കോഴ്സുകളായ ഒക്കുപേഷണൽ തെറാപ്പി, സ്പീച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയവ പഠിക്കാനാഗ്രഹിക്കുന്ന കുട്ടികൾ, അമിത ഫീസ് നൽകി അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് പഠനം പൂർത്തിയാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (ഡി)അലൈഡ് ഹെൽത്ത് കോഴ്സുകളായ സ്പീച് തെറാപ്പിയും ഫിസിയോതെറാപ്പിയും കേരളത്തിലുണ്ട്. എന്നാൽ ഒക്കുപേഷണൽ തെറാപ്പി കോഴ്സ് കേരളത്തിലില്ല. ഓഡിയോ & സ്പീച്ച് ലാൻഗ്വേജ് പത്തോളജി, ഫിസിയോതെറാപ്പി എന്നീ ബിരുദ കോഴ്സുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കി റീഹാബിലിറ്റേഷൻ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഒട്ടേറെ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ സംസ്ഥാനത്തുണ്ടെങ്കിലും ഇവർക്ക് രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് നടത്തുന്നതിന് ഒരു കൗൺസിൽ രൂപീകൃതമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കൗൺസിൽ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഒക്കുപേഷണൽ തെറാപ്പി മേഖലയിൽ വ്യാജ പ്രാക്ടീസ് നടക്കുന്ന സാഹചര്യത്തിൽ, യോഗ്യതാ മാനദണ്ഡങ്ങൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും വ്യാജ പ്രാക്ടീസ് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഇ) എല്ലാ റീഹാബിലിറ്റേഷൻ മേഖലയിലും പ്രവർത്തിക്കുന്ന പാരാമെഡിക്കൽ (ഒക്കുപേഷണൽ തെറാപ്പി ഉൾപ്പെടെ) പ്രൊഫഷണൽസും RCI യുടെ കീഴിൽ രജിസ്റ്റർ ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള ക്ലിനിക്കൽ പ്രാക്ടീഷ്യനേഴ്സിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും വ്യാജ പ്രാക്ടീസ് തടയുന്നതിനും 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (എഫ്) 1992-ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ടിന്റെ കീഴിൽ ലൈസൻസ് കിട്ടിയിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്ക് സ്വതന്ത്രമായി തെറാപ്പി ചികിത്സ നൽകുന്നതിന് അധികാരമുണ്ടെന്നിരിക്കെ, മറ്റ് മെഡിക്കൽ പ്രൊഫഷണലുകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നത് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ടിന്റെ ലംഘനമായതിനാൽ, നിലവിലെ സാഹചര്യത്തിൽ ഇവരുടെ പ്രവർത്തനത്തിന് എന്ത് മാറ്റമാണ് കൊണ്ടുവരാൻ | (എഫ്)1992-ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ടിന്റെ കീഴിൽ ലൈസൻസ് കിട്ടിയിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്ക് വൈദ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായിട്ടുള്ള അറിവ് ഇല്ലാത്തതു കൊണ്ടും ഇവരുടെ സേവനം അർഹിക്കുന്ന രോഗികൾക്കെല്ലാം തന്നെ വൈദ്യശാസ്ത്രത്തിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ മേൽ നോട്ടം അനിവാര്യമാണ്. ഒക്കുപേഷണൽ തെറാപ്പി ഒരു supportive therapy ആയതുകൊണ്ട് അത് ഒരു രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷ്യണറുടെ നിർദ്ദേശ പ്രകാരം മാത്രമേ ചെയ്യാൻ |

| | |
|---|---|
| സാധിക്കുകയെന്ന് വ്യക്തമാക്കാമോ; | പറ്റുകയുള്ളൂ. |
| (ജി) ഓട്ടിസം പോലുള്ള അവസ്ഥകൾക്ക് രോഗനിർണ്ണയം നടന്നുകഴിഞ്ഞാൽ നേരിട്ട് തെറാപ്പി സ്വീകരിക്കാനുള്ള സാഹചര്യമാണ് സംജാതമാകേണ്ടതെങ്കിലും ഒരിക്കൽ രോഗനിർണയം ചെയ്തതിന് ശേഷവും നിരന്തരമായി ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (പി.എം.ആർ.) വിഭാഗത്തിലെ പ്രൊഫഷണലുകളെ സന്ദർശിക്കേണ്ടി വരുന്നത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ടുളവാക്കുന്നതിനാൽ, ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനാവുക യെന്ന് അറിയിക്കുമോ; പി.എം.ആർ. വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്നതിനാൽ, ശരിയായ രീതിയിൽ ലക്ഷണം നോക്കി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ നൽകുന്നതിനും ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്ക് സാധിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് പ്രാക്ടീസ് ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനാവുകയെന്ന് വ്യക്തമാക്കുമോ? | (ജി) രോഗികളെ പരിശോധിച്ച് ചികിത്സിക്കുന്നതിന് രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷ്യണറുടെ മേൽ നോട്ടം ആവശ്യമാണ്. ഒക്കുപേഷണൽ തെറാപ്പി ഒരു supportive ചികിത്സാ രീതിയാണ്. അതിനാൽ തന്നെ ഒക്കുപ്പേഷണൽ തെറാപിസ്റ്റുകൾക്ക് പൂർണ്ണമായും സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യുവാനുള്ള അനുമതി നൽകുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ